# ഇതൾ

## അൽ ഫാറൂഖിയ്യ ഹയർ സെക്കന്ററി സ്ക്രൂൾ
## ചേരാനെല്ലൂർ

### ലിറ്റിൽ കൈറ്റ് മാഗസിൻ 2019 -’20

## ഇതളുകളിലൂടെ

സന്ദേശം....................3
പുനർജന്മം....................4
അന്വേഷണം....................7
പെയ്യൊഴിയാതെ....................8
വിജ്ഞാനം അളക്കാം....................9
മലാല യൂസഫ്സായ്....................10
Sulthan Qaboos Bin Said....................16
പ്രതീക്ഷ....................18
ജലം....................19
ഒരേ മനസ്സ്....................20
बारिश....................21
पेड़ों से लाभ....................22

ചീഫ് എഡിറ്റർ : മുഹമ്മദ് മുഹ്സിൻ കെ എച്

എഡിറ്റോറിയൽ : അമൃതാ T R

:അജ്മൽ P A

: മുഹമ്മദ് ഫാറൂഖ്

# സന്ദേശം

**2019-20 അധ്യയന വർഷത്തിൽ ചേരാനെല്ലൂർ അൽ ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന "ഇതൾ" ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു**

**പ്രധാന അധ്യാപകൻ**

**P മുഹമ്മദ് ബഷീർ**

# പുനർജന്മം

എനിക്ക് വേണമൊരു പുനർജന്മം
നൂറ്റാണ്ടിനെ മാറ്റിമറിക്കാൻ
ഈ ജന്മം വെറുമൊരു പാഴ്ജന്മ-
മായി എനിക്ക് തോന്നുന്നു
പുനർജനിക്കാനായിരുന്നെങ്കിൽ
ഞാനൊരു പാഠമായിത്തീർന്നേനെ
സഹപാഠികൾക്കും എന്റെ കുടുംബത്തിനും
നേർരേഖ കാട്ടി വളർത്തിയ ജനനിയെ
സന്തോഷിപ്പിക്കാനൊരവസരം
ഈ ഭൂമിയിൽ ജീവിക്കാൻ എനിക്ക്
ലജ്ജ തോന്നുന്നു ഇപ്പോൾ
ഭൂമിക്ക് ഭാരമായെങ്കിലോ ഞാൻ
വളർത്തിയ ജനനിക്ക് വേണ്ടിയെങ്കിലും
എനിക്ക് തന്നൂടെ പുനർജന്മം
എന്തിന് തന്നു നീ എനിക്കീ ജന്മം
പാഴ്ജന്മമാക്കി കളയാനോ
എന്റെ ജന്മം എന്റെ അവകാശമെന്ന്
ചൊല്ലി കുറേ മഹദ്വ്യക്തികൾ
എനിക്ക് വേണം നല്ലൊരു മനുഷ്യനാകാൻ
ഇനിയൊരു ജന്മം കൂടി
ഇനിയൊരു ജന്മം കൂടി

ആലിയത്ത് ജലീൽ എം എ VII A

## മഴ

കാര്മേഘവും മൂടി ഇടിമിന്നൽ വന്നല്ലോ
പഴയകാല ഓർമ്മകൾ എൻമനസ്സിൽ
സന്തോഷഭരിതനായി ഞാൻ ചെന്നു
എൻ വീടിൻ മണിമുറ്റത്തിരുന്നു
മഴകൊള്ളുവാൻ
വിട്ടുനിൽക്കാമഴ  തോര്ന്നുനിൽക്കാമഴ
ആ മഴ വളരെ ശക്തിയിലുമായി
ജലസംഭരണികൾ നിറഞ്ഞുതുളുമ്പി
നീർച്ചാൽ തൻ ഒഴുക്ക് ശക്തിയിലായി
പിറ്റേ ദിനം വാർത്തകളിൽ നിറഞ്ഞു
പ്രളയം വിതച്ച നാശം
ഞാനുമെൻ വീടും പ്രളയത്തിൽ മുങ്ങി
പ്രാണഭയമെന്തെന്ന് ഞാനുമന്നറിഞ്ഞു
വിട്ടുനിൽക്കാമഴ  തോര്ന്നുനിൽക്കാമഴ
പെയ്തൊഴിയാതെന്നെ കണ്ണീരിലാഴ്ത്തി

(മുഹമ്മദ് ഫാഖിഹ്  പി  10 A )

## തിരുത്ത്

പണ്ട് ഒരിടത്തു ഒരു പാവം മാവുണ്ടായിരുന്നു .അവൻ എല്ലാവർക്കും സഹായി ആയിരുന്നു .കുട്ടികൾക്കും പ്രായമായവർക്കും നല്ല മധുരമുള്ള മാമ്പഴം അവൻ നൽകിയിരുന്നു .എല്ലാവർക്കും തണലും പഴങ്ങളും നൽകിയിരുന്ന മാവിനെ എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നു .മാവിന് തൊട്ടടുത്തു അഹങ്കാരിയായ ഒരു വലിയ ആൽമരമുണ്ടായിരുന്നു .എല്ലാദിവസവും ആൽമരം "ഞാനാണ് വലുത് എന്റെ അടുക്കലാണ് കൂടുതൽ ആളുകൾ വരുന്നത് .എല്ലാവർക്കും എന്നെയാണ് ഇഷ്ടം "എന്നെല്ലാം പറഞ്ഞു മാവിനെ കളിയാക്കിയിരുന്നു .ഇത് കേട്ട് വിഷമമായെങ്കിലും വഴക്കിനൊന്നും പോകാതെ മാവുമരം ഒതുങ്ങിക്കൂടി .ആൽമരം കൂടുതൽ അഹങ്കരിയി വളർന്നു .വൈകുന്നേരങ്ങളിൽ ഒത്തുചേരാൻ എല്ലാവരും ആല്മരച്ചോട്ടിലെത്തി .കുട്ടികൾ ആൽമരത്തിന്റെ വള്ളികളിൽ അടിക്കളിക്കുവാൻ തുടങ്ങി .മാവിന്റെ അടുത്ത് ആരും ചെല്ലാതായി .അഹങ്കാരം മൂത്ത ആൽ മരം ചിന്തിച്ചു "ഈ കൊച്ചു കുട്ടികൾ എന്റെ വള്ളികളിലാടി കളിക്കുന്നത് എനിക്ക് കുറച്ചിലാണ് ,ഈ കളി നിർത്താൻ എന്തെങ്കിലു ചെയ്യണം ".

ഒരു ദിവസം കുട്ടികൾ വള്ളിയിലാടി കളിച്ചുകൊണ്ടിരുന്നപ്പോൾ ആൽമരം ശക്തിയായി കുലുങ്ങി .പാവം കുട്ടികൾ വള്ളിയിൽ നിന്ന് കൈവിട്ട് താഴെവീണു . കുട്ടികൾ പേടിച്ചു കരയാൻ തുടങ്ങി .ഭയന്ന കുട്ടികൾ പിന്നീട് ഒരിക്കലും ആല്മരത്തിൽ കളിയ്ക്കാൻ പോയില്ല .കുട്ടികൾ മാവ് മരത്തിന്റെ ചോട്ടിൽ കളിയ്ക്കാൻ തുടങ്ങി .ഒച്ചയും ബഹളവുമെല്ലാം മാവുമരത്തെ സന്തോഷിപ്പിച്ചു .ഇതു കണ്ടപ്പോൾ ആല്മരത്തിനു തനിക്കു പറ്റിയ തെറ്റ് മനസ്സിലായി .ആൽമരം തന്റെ തെറ്റ് തിരുത്തി മാപ്പ് പറഞ്ഞു ......

(നിഖിത ഡാനിയേൽ VIIA)

# അന്വേഷണം

തന്റെ ജീവിതം ഇനി എത്ര നാൾ ആണെന്ന് അറിയില്ല .പക്ഷെ ഞാൻ ആരോട് പറയും എന്താണ് നടന്നതെന്ന് . ജീവിതത്തിന്റെ ഉച്ചസ്ഥായിയിൽ നിന്ന എനിക്ക് ഇത് ഏറ്റവും വലിയ ഒരു അപമാനമാണ് .ഇല്ല ഇത് ഒരിക്കലും നടക്കില്ല . ഞാനല്ല ചെയ്തത്. അന്ന് ആ രാത്രിയിൽ ഒരു നേർത്ത വെളിച്ചം കണ്ടാണ് ഞാൻഅവിടെ എത്തിയത്. അവിടെ നടന്നത് ഒരു തരത്തിലും ഒരാൾക്കും കാണാൻ കൂടി സാധിക്കുന്നതല്ല. അവിടെ നിസ്സഹായാവസ്ഥയയിൽ ഒരു ചെറിയ പെൺകുട്ടിയും അവളുടെ അമ്മയും. ക്രൂരന്മാരാൽ പിച്ചിച്ചീന്തപ്പെട്ട പെൺകുട്ടി ഒന്നു കരയാൻപോലുമാകാതെ തറയിൽ തലകുനിച്ചിരിക്കുന്നു. ഇന്നലെ വരെ ആ വീടിൻറെ വിളക്കായി ആരെയും കൂസാതെ നടന്നവൾ , എന്തിനെയും വളരെ ധൈര്യപൂർവ്വം നേരിടാനുള്ള കരുത്തുള്ളവൾ , പക്ഷേ ഇന്ന് വാടിത്തളർന്ന പനിനീര്പൂവ് പോലെ വിശുദ്ധി നഷ്ടപ്പെട്ട് വിശ്വാസം നഷ്ടപ്പെട്ട് അവൾ കിടക്കുന്നു.

എനിക്ക് നീതി വേണമമ്മേ . അവൾ അലമുറയിട്ട് കരഞ്ഞു. ആ സ്ത്രീ മൂകമായി നിന്നതല്ലാതെ ഒന്നും ചെയ്തില്ല . എന്നാൽ അവൾ പറഞ്ഞഅ വാക്കിൽ ഒന്നു കൂടി ഉണ്ടായിരുന്നു. എന്നാൽ എനിക്ക് സംഭവിച്ച ഈ ദുരന്തം മറ്റൊരു പെൺകുട്ടിക്കും വരാതിരിക്കാൻ ഈ സമൂഹം ശ്രദ്ധിക്കണം . അന്തതയിലലേക്ക് നോക്കി ആ അമ്മയും മകളും ഇരുന്നു.

ജിസ്മി പി പി XA

# പെയ്തൊഴിയാതെ

ഇന്നെന്റെ മനസ്സിലെ നീറാത്തോരീണമായി
നിറവിൽ പെയ്തു മറിയുകയായ്
മനസ്സിലെ ആ നോവു മാത്രമായി ഏതോ കിനാവുകൾ
എവിടെയോ വന്നൊന്നായ് തട്ടിയതുപോലെ
കണ്ണുനീരുകൾ പെയ്തു മഴ പോലെ എന്നിൽ
ഞാൻ ഓടി അകലുമായിരുന്ന എന്റേതല്ലാത്തൊരീ
സമൂഹത്തിൽ നിന്ന്
മഴ പോലെ പേമാരി പോലെ ഇടതുർന്ന ശബ്ദങ്ങൾ പോലെ
ആ ഗീതമെന്നിൽ നിഷ്ഭലമല്ലാത്തൊരാകാശ
മായ് തീർന്നു, അഴലിന്റെ മറവിൽ വന്നു  പതിഞ്ഞു
കണ്ണിലെ നോവും കിനവള്ളി പോലെ
മധുരമായ് തീർന്ന നീ അണഞ്ഞപ്പോൾ
ആരിലുമോരമൃതിൻറെ  തീരാത്തോരുറവയായ്
എന്നിൽ നിറഞ്ഞുകവിഞ്ഞു
മനസ്സിൻ വാതിൽപ്പടിവരെ നിറഞ്ഞു.

ജിസ്മി പി പി   XA

# വിജ്ഞാനം അളക്കാം

1. സസ്യശാസ്ത്രം ...................... പഠനവുമായി ബന്ധപ്പെട്ട ശാസ്ത്രമേഖലയാണ്
2. പൊങ്ങിക്കിടക്കുന്ന ബലൂണുകൾ നിറക്കാൻ ഉപയോഗിക്കുന്ന വാതകമാണ് ...........
3. ........... ന് നേരെ ശുക്രൻ എതിർ ദിശയിൽ കറങ്ങും.
4. ............ യുഗത്തെ ദിനോസറുകളുടെ പ്രായം എന്നാണ് വിശേഷിപ്പിക്കുന്നത്.
5. .............. മൃഗങ്ങളുടെ പ്രാഥമിക ഭക്ഷണ സ്രോതസ്സ് സസ്യങ്ങളാണ്.
6. ശബ്ദം വേഗത്തിൽ സഞ്ചരിക്കുന്നത് ............... ലൂടെയാണ്
7. പ്രകാശത്തെ സൂചിപ്പിക്കുമ്പോൾ യു വി എന്നാൽ ............. പ്രകാശത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരങ്ങൾ</u>

➔ സസ്യങ്ങൾ, ഹീലിയം , ഭൂമി, മെസോസോയിക്, സസ്യഭോജികൾ, സോളിഡ് , അൾട്രാവയലറ്റ്

മുഹമ്മദ് ജാസിം

# മലാല യൂസഫ്സായ്



സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാക്കിസ്ഥാൻ ആക്റ്റിവിസ്റ്റും ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ സമ്മാന ജേതാവുമാണ് **മലാല യൂസഫ്സായ്.** പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനെതിരെയുള്ള താലിബാന്റെ നിരോധനത്തോടുള്ള പ്രതിഷേധത്തിന്റെയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രിയതയുടേയും പേരിലാണ് മലാല അറിയപ്പെടുന്നത്. സ്വാത്ത് താഴ്വരയിൽ താലിബാൻ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ ജീവിതത്തെ സംബന്ധിച്ച് 2009-ൽ പതിനൊന്നു വയസ്സുള്ളപ്പോൾ ബി.ബി.സിക്കു വേണ്ടി എഴുതാൻ തുടങ്ങിയ ബ്ലോഗാണ് അവളെ ആദ്യം ശ്രദ്ധയിൽ കൊണ്ടുവന്നത്. പിന്നീട് പല പുരസ്കാരങ്ങൾക്കും നാമ നിർദ്ദേശം ചെയ്യപ്പെട്ട മലാല പാകിസ്ഥാന്റെ ആദ്യത്തെ ദേശീയ സമാധാന പുരസ്കാരം നേടി. മാലാലയോടുള്ള ആദരവ് പ്രകടിപ്പിക്കാൻ ഐക്യരാഷ്ട്ര സഭയുടെ ആഹ്വാന പ്രകാരം 2012 നവംബർ 10 **അന്താരാഷ്ട്ര മലാല ദിന**മായി ആചരിച്ചു.2015-ഓടെ ലോകത്തെ എല്ലാ പെൺകുട്ടികളേയും വിദ്യാലയത്തിലെത്തിക്കാനുള്ള ഐക്യരാഷ്ട്ര പ്രചാരണ പരിപാടിയുടെ മുദ്രാവാക്യം ഇതാണ്: 'ഞാനും മലാല'.

2012 ഒക്ടോബർ 9-നു നടന്ന ഒരു വധ ശ്രമത്തിൽ മലാലയുടെ തലയ്ക്കും കഴുത്തിനും ഗുരുതരമായ പരിക്കേറ്റു. സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്കു മടങ്ങുമ്പോഴായിരുന്നു ആക്രമണം. ആക്രമണത്തെ തുടർന്നുള്ള ദിവസങ്ങളിൽ അബോധാവസ്ഥയിൽ കഴിഞ്ഞ മലാലയുടെ സ്ഥിതി ക്രമേണ ഭേദപ്പെട്ടു.വധശ്രമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത

താലിബാൻ വക്താവ്, മലാലയെ "അശ്ലീലതയുടെ എത്രയും വേഗം അവസാനിപ്പിക്കേണ്ട പുതിയൊരു അദ്ധ്യായം" (a new chapter in obscenity) എന്നു വിശേഷിപ്പിച്ചു.പാകിസ്താനിലെ 50 ഇസ്ലാമിക പുരോഹിതന്മാർ മാലാലയെ വധിക്കാൻ ശ്രമിച്ചവർക്കെതിരെ ഒരു ഫത്വാ ഇറക്കി .

2014-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനാർഹയാണ് മലാല. നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല.

സബിത മൈതീൻ

## ഒരു പതിറ്റാണ്ടിലൂടെ തിരനോട്ടം

**2010** ജനുവരി 12 ഹെയ്റ്റിയിലുണ്ടായ ഭൂകമ്പത്തിൽ ഒരു ലക്ഷത്തോളം പേർ കൊല്ലപ്പെട്ടു. പാക്കിസ്ഥാനിലും ഇന്ത്യയിലും ചൈനയിലും കനത്ത പ്രളയത്തിലും ഉരുൾ പൊട്ടലിലും ലക്ഷക്കണക്കിന് ജീവൻ പൊലിഞ്ഞു. ഒക്ടോബറിൽ നൂറുകണക്കിന് ജീവനഷ്ടത്തിന് കാരണമായ അഗ്നി പർവ്വത സ്ഫോടനം മൗണ്ട് മെറാപ്പിയിലുണ്ടായി . ജൈവവവൈവിധ്യത്തിന്റെ അന്താരാഷ്ട്ര വർഷമായി പ്രഖ്യാപിച്ചു. ജൈവവൈവിധ്യസംരക്ഷണത്തെ പ്രോൽസാഹിപ്പിക്കുന്നതിനും അവബോധം വ്യാപിപ്പിക്കുന്നതിനും വർഷം മുഴുവൻ നിരവധി പ്രധാന സംരംഭങ്ങൾ സംഘടിപ്പിച്ചു.

**2011** ജൂലൈ മാസത്തിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രവർത്തനം ആരംഭിച്ചു. ഒന്നിലധികം അച്ചടക്ക പ്രശ്നങ്ങൾ ഉൾപ്പെടുന്ന പാരിസ്ഥിതിക തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വൈധഗ്ദ്യം ഈ പ്രത്യേക ബോഡിയിൽ സജ്ജീകരിച്ചിരിക്കുന്നു.

**2012** ലോകത്തിലെ ഏറ്റവും വലിയ സമുദ്ര സംരക്ഷണ ശൃംഗല ഓസ്ട്രേലിയയുടെ അന്നത്തെ പരിസ്ഥിതി മന്ത്രി ടോണി ബർക്ക് പ്രഖ്യാപിച്ചു.

**2013** ജൂൺ മാസത്തിൽ ഹിമാലയൻ പ്രവിശ്യയിൽ ഉത്തരാഖണ്ഡ് പ്രദേശം ഏറ്റവും മോശമായ പ്രകൃതി ദുരന്തത്തിന് സാക്ഷ്യം വഹിച്ചു. പേമാരിയും ഫ്ലാഷ് ഫ്ലഡും ആയിരക്കണക്കിന് ആളുകളുടെയും മൃഗങ്ങളുടെയും ജീവൻ അപഹരിച്ചു.

**2014**

യു.എസും ചൈനയും തങ്ങളുടെ ഹരിതഗൃഹവാതക ഉൽപാദനം കുറയക്കുന്നതിനുള്ള ഒരു കരാർ പുറത്തിറക്കി. ചൈനയും യു എസും ആദ്യമായി 2025 ആകുമ്പോഴേക്കും ഹരിതഗൃഹവാതകം പുറന്തള്ളുന്നതിൽ ആഴത്തിലുള്ള കുറവുകൾ വരുത്താൻ തീരുമാനമായി. ലോകത്തിലെ ഏറ്റവും വലിയ ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്ന ചൈന 2030 നകം അതിന്റെ ഔട്ട്പുട്ട് കുറയ്ക്കാൻ തീരുമാനിച്ചു.

# 2015

ആറാമത്തെ ആഗോള വംശനാശസംഭവം സ്ഥിതീകരിച്ചു.

ജൂൺ 2015 ആറാമത്തെ ആഗോളവംശനാശം സംഭവിക്കുകയാണെന്നും മനുഷ്യത്വത്തിന്റെ നിലനിൽപ്പിന്

ഭീഷണിയുണ്ടെന്നും ശാസ്ത്രജ്ഞർ സ്ഥിതീകരിച്ചു .

# 2016

വൻ ബാരിയർ റീഫിന് ഏറ്റവും മോശമായ അവസ്ഥ

2015-16 വർഷത്തിൽ സാധാരണ ജലതാപനില വൻതോതിൽ ഉയർന്നപ്പോൾ ആസ്ട്രേലിയയിലെ പവിഴം

മരിക്കുകയാണ്.റെക്കോർഡിലെ ഏറ്റവും വലിയ സമുദ്രശേഖരം അന്റാർട്ടിക്കയിൽനിന്ന്

സൃഷടിക്കപ്പെട്ടു.

ഒക്ടോബറിലെ അൻറാർട്ടിക്കയിൽനിന്ന് സൃഷടിക്കപ്പെട്ട ലോകത്തിലെ ഏററവും വലിയ സമുദ്രത്തിന്റെ സംരക്ഷണകേന്ദ്രം. അന്റാർട്ടിക്കയിൽനിന്ന് സമുദ്രത്തിന്റെ ഒരു വലിയ വിസ്തീർണ്ണം അന്താരാഷ്ട്രസംരക്ഷണം നേടി, ലോകത്തലെ ഏറ്റവും വലിയ സമുദ്രസംരക്ഷണകേന്ദ്രമായി. 15 ചതുരശ്രകിലോമീറ്ററോളം റോസ് കടലിലെ ജലം സംരക്ഷിക്കപ്പെടുന്നു.

# 2017

## മൂന്ന്  രാക്ഷസചുഴലിക്കാറ്റുകൾ

മൂന്ന് ചുഴലിക്കാറ്റുകൾ യു . എസിന് അനുഭവപ്പെട്ടു. ഹാർവി , ഇന്ന, മരിയ എന്നിവ വെറും രണ്ട് മാസത്തിനുള്ളിൽ,ഓഗസ്റ്റ്, സംപതംബർ 2017. രാജ്യത്തെ ബാധിക്കുന്ന ഏററവും ചെലവേറിയ കാര്യങ്ങളിലൊന്നായി ഇത് മാറി.

# 2018

## ഗിർ വനങ്ങളിൽ സിംഹമരണം

**2018** സംപതംബറിനും ഒക്ടോബറിനും ഇടയിൽ  Gir Forest Sanctuary ഇന്ന് ഏഷ്യാറ്റിക് സിംഹങ്ങളെ കാണുന്ന ഒരേയൊരു സ്ഥലമാണ്.അതിൽ ഏറ്റവും ജനപ്രിയ

നിവാസികളിൽ 25%ത്തോളമാണ് നഷ്ടമായത്.സിംഹങ്ങളുടെ മരണം കനൈൻ ഡിസറ്റംബറിന്റെ ശക്തമായ സംയോജനം കാരണമാണെന്ന് വിശ്വസിക്കപ്പെടുന്നു.

## ഗ്രേറ്റ തൻബർഗ് എന്ന പ്രതിഭാസം

ഇത് അൽഗോറല്ല, ഡെകാപ്രിയോ അല്ല, ദശകത്തിലെ ഫലപ്രദമായ കഥകളിലൂടെ പുസ്തകത്തിലെ പരിസ്ഥിതി അധ്യായത്തിന്റെ മുഖം------ നിഷേധിക്കാനാവാത്ത ഒരു കൗമാരക്കാരനാണ്. സ്വീഡെഗ്രാറ്റ തൻബർഗ് സറ്റോറി ആരംഭിക്കുന്നത് 2018 ഓഗസ്റ്റ് 20 നാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ കൂടുതൽ നടപടിയെടുക്കാൻ 15 വയസ്സ് പ്രായമുള്ള വിദ്യാർത്ഥി സ്കൂൾ ഉപേക്ഷിച്ച് പാർലമെന്റിന് പുറത്ത് പ്രതിഷേധിക്കുമ്പോൾ കയ്യിൽ ഒരു പ്ലെക്കാർഡ് മാത്രം.

# 2019

## ദ്രുതഗതിയിലുള്ള ഇന്ത്യൻ കടുവ സെൻസസ്

ഇന്ത്യൻ കടുവ സെൻസസ് നമ്മുടെ ജനസംഖ്യയുടെ ജൈവവൈവിധ്യത്തിന്റെ ഐഡന്റിറ്റി വ്യക്തമാക്കുന്ന ജനസംഖ്യാ വളർച്ച കാണിക്കുന്നു . കടുവയും ഒരു കീസറ്റോൺ ഇനമാണ്.

# Sulthan Qaboos Bin Said



The only son of Sultan Said bin Taimur of Muscat and Oman, Qaboos was educated in England. After graduating from the Royal Military Academy Sandhurst, he served briefly in the British Army. He returned to Oman in 1966 and was placed under virtual house arrest by his father. In 1970, Qaboos ascended to the Omani throne after overthrowing his father in a coup d'état, with British support. The country was subsequently re-named the Sultanate of Oman.

As Sultan, Qaboos implemented a policy of modernization and ended Oman's international isolation.His reign saw a rise in living standards and development in the country, the abolition of slavery, the end of the Dhofar Rebellion and the promulgation of Oman's constitution. Suffering from poor health in later life, Qaboos died in 2020. He had no children so he named his cousin, Haitham bin Tariq, his heir.

There were few rudiments of a modern state when Qaboos took power in the 1970 Omani coup d'état.Oman was a poorly developed country, severely lacking in infrastructure, healthcare, and education, with only six miles of paved roads and a population dependent on subsistence farming and fishing.

Qaboos modernized the country using oil revenues. Schools and hospitals were built, and a modern infrastructure was laid down, with hundreds of kilometres of new roads paved, a telecommunications network established, projects for a port and airport that had begun prior to his reign were completed and a second port was built, and electrification was achieved. The government also began to search for new water resources and built a desalination plant, and the government encouraged the growth of the private enterprise, especially in development projects. Banks, hotels, insurance companies, and print media began to appear as the country developed economically. The Omani rial was established as the national currency, replacing the Indian rupee and Maria Theresa thaler. Later, additional ports were built, and universities were opened. In his first year in power, Qaboos also abolished slavery in Oman, an act that remains one of his most important.

The political system which Qaboos established is that of an absolute monarchy. The Sultan's birthday, 18 November, is celebrated as Oman's national holiday. The first day of his reign, 23 July, is celebrated as Renaissance Day.

Oman has no system of checks and balances, and thus no separation of powers. All power is concentrated in the sultan, who is also chief of staff of the armed forces, Minister of Defence, Minister of Foreign Affairs and chairman of the Central Bank. All legislation since 1970 has been promulgated through royal decrees, including the 1996 Basic Law. The sultan appoints judges, and can grant pardons and commute sentences. The sultan's authority is inviolable and the sultan expects total subordination to his will.

Bindumathy AV

# പ്രതീക്ഷ

കാലം കടന്നുപോയി

കുട്ടി വളർന്നു പോയി

കുട്ടിതൻ ഉള്ളിലൊരാശങ്ക

ഈ മണ്ണിൽ ഞാനെന്റെ

ജീവിതം എങ്ങനെ

അല്ലലില്ലാതെ കൊണ്ടുപോകും

അമ്മയാം ഭൂമാതാ

എന്നെ കൈതാങ്ങുമോ

എന്നുടെ ആശങ്ക തീർത്തീടുമോ

തൊഴിലില്ലാ ജീവിതം

പാടേ യകറ്റി യെൻ

പട്ടിണിയില്ലാതെ ജീവിക്കുവാൻ

ഞാനെന്നും നീയെന്നും

വേറിട്ട ചിന്തകൾ

മാറ്റിനാം എന്നെന്നും

സ്നേഹത്താലും

അക്രമമില്ലാത്ത

സാന്ത്വനം നൽകുന്ന

ഏക മനസ്സുള്ള മക്കളായി

ഭാരത മാതാവിൻ പൊന്മണി പൈതലായ്

മാറുവാൻ നമ്മൾക്കുമായിടട്ടെ

ഹന്ന

# ജലം

ജലമൊരു കാണാക്കനിയായ് മാറുന്ന

കാലമതി വിദൂരമല്ല കേട്ടോ

ജലവും ജനവും ജ യിൽ തുടങ്ങുന്നു

ജീവനതുത്തമമാണ് സത്യം

ഇന്നു നാം പാഴാക്കുമോരോ കണത്തിനും

ര്ത്നനതിനേക്കാൾ വിലമതിക്കു

നീരിനെ ശുദ്ധമായ് സൂക്ഷിക്കു

നമ്മുടെ ജീവന സമ്പത്ത് അതൊന്നുമാത്രം

അനഘ     VIII B

# ഒരേ മനസ്സ്

പുഞ്ചിരി തൂകും നീലാകാശം

കാർമുകിൽ കൊണ്ട് നിറഞ്ഞപ്പോൾ

മണ്ണും മനവും പുൽനാമ്പുകളും

ആനന്ദത്തിലാറാടി

ഏറെനേരം കഴിഞ്ഞില്ല ആലോചിക്കാനായില്ല

വന്നു നിറഞ്ഞേ കരയാകെ

ഓളം വെട്ടും കടൽ പോലെ

അതിരുകൾ കാക്കും മലയെല്ലാം

കുത്തിയൊലിച്ചേ ഒന്നാകെ

വീടുകൾ നാടുകൾ ഒന്നായി

ഷെറിൻ കുരുതിക്കളമായി

ആശ്രയമറ്റവർ തേങ്ങലുമായ്

ക്യാമ്പുകൾ തോറുമണഞ്ഞപ്പോൾ

ഒന്നല്ലൊരായിരം താങ്ങായി

ഒന്നായി മാനവക്കൂട്ടങ്ങൾ

ഇല്ല തളരില്ലീ  മണ്ണിൽ

പിറവിയെടുത്തൊരീ ജന്മങ്ങൾ

തെറ്റുകളെല്ലാം തിരുത്തീടാൻ ഒത്തൊരുമിക്കും ഇനിയെന്നും

മുംതാസ് കെ എം

# बारिश

बारिश का मौसम है आया

हम बच्चों के मन को भया

उड उड़  करके बदल आया

खूब चमचम पानी लाया

मैंटक  ने भी क्रोम  क्रोम गाया

मोर ने भी नाच  दिखाया

ताल -तलैया भर भर आया

खेतों में सब पानी लाया

हरा धन खेतों में लाया

हम बच्चों ने ताली बचाया



Nooriya T A     XC

# पेड़ों से लाभ

पेड़ों से हमें बहुत लाभ है l पेड़ वातावरण को शुद्ध करते है और वर्षा देते है l पेड़ हमें छाया देता है l

पशु पक्षियों का वासस्थान है l आजकल घर बनाने फरनीखार बनाने बड़े पैमाने पर पेड़ अधिकाधिक काटते है l इससे पर्यावरण प्रदूषिद हो जाता है l वर्षा काम हो जाती है l

प्रकृति का संतुलन बिगड़ जाता है l इससे बचने के लिए पेड़ों के आवरण करने और अधिकधिक पेड़ लगाने हमारा कर्तव्य है l



Muhammed Faris A E

XA




Muhammed Yaseen VIII C

IBRAHIM BADUSHA    X A




محمد فارس
جحا
وَرَأسُ حَامِدٍ
طق.. طق.. طق
هذا هو بيت حامد
أريد حامد
ماذا


By

# നന്ദി....